**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5119** **22-05-2017 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറ്റം, കുടിയേറ്റം എന്നിവ സംബന്ധിച്ച് വ്യത്യസ്ത സമീപനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. അബ്ദുൽ ഹമീദ്.പി<br>ശ്രീ. പി.ബി.അബ്ദുൽ റസ്സാക്ക് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർഭൂമി കയ്യേറ്റം ഏറ്റവും കൂടുതലായി കണ്ടെത്തിയ മേഖലകളെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്ത് സർക്കാർഭൂമി കയ്യേറ്റം കൂടുതലായി കണ്ടെത്തിയ മേഖലകളെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ റവന്യൂ ഭൂമിയിലും വനഭൂമിയിലും അനധികൃത കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. കായൽ-പുഴ പുറമ്പോക്ക് കയ്യേറ്റങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർഭൂമിയിലെ അനധികൃത കയ്യേറ്റം, കുടിയേറ്റം എന്നിവ വേർതിരിച്ചു കണ്ട് സർക്കാർ സമീപനത്തിൽ വ്യത്യസ്തത പുലർത്തുന്ന നയം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് കുടിയേറ്റക്കാരിൽ യോഗ്യരായവർക്ക് നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അനധികൃത കയ്യേറ്റ-കുടിയേറ്റങ്ങളുടെ ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരും സർക്കാരും തമ്മിലോ ഉദ്യോഗസ്ഥരും സംസ്ഥാനത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തമ്മിലോ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തിട്ടുണ്ടോ; ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ തടഞ്ഞ സംഭവങ്ങളുണ്ടായിട്ടുണ്ടോ? | (സി) | അനധികൃത കയ്യേറ്റ-കുടിയേറ്റങ്ങളുടെ ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരും സർക്കാരും തമ്മിലോ, ഉദ്യോഗസ്ഥരും സംസ്ഥാനത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തമ്മിലോ അഭിപ്രായവ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥരെ തടഞ്ഞ സംഭവങ്ങൾ ഇടുക്കി ജില്ലയിൽ ഉണ്ടായിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**